# സൈലന്റ് വാലിയെ സംരക്ഷിക്കുക

ഡോ. എം.കെ. പ്രസാദ്



ഫോട്ടോ : റസാ[illegible] കോട്ടയ്ക്കൽ

സൈലന്റ് വാലി പദ്ധതി നടപ്പിൽ വന്നാൽ മനുഷ്യന്റെ അമൂല്യമായൊരു പൈതൃകമാണ് നഷ്ടപ്പെടുക. ശാസ്ത്ര നേട്ടങ്ങളുടെ ഈ യുഗത്തിൽ അശാസ്ത്രീയ സമീപനത്തിന്റെ മകുടോദാഹരണമായി ഈ പദ്ധതിയെ പാരിസ്ഥിതിക വിജ്ഞാനികൾ കരുതുന്നു. ഈ പദ്ധതിക്കെതിരായി അക്കാദമീയ തലത്തിൽ ഏതാനും ചർച്ചകൾ നടന്നെന്നല്ലാതെ സമഗ്രമായൊരു ശാസ്ത്രീയ സമീപനമോ പ്രബലമായൊരു പൊതുജനാഭിപ്രായ രൂപീകരണമോ ഉണ്ടായില്ല. ഗവർമ്മെണ്ടിന്റെ രാഷ്ട്രീയ തീരുമാനങ്ങളെ ചോദ്യം ചെയ്യുന്നത് വിവേകമല്ലെന്നു വിശ്വസിക്കുന്ന തലപ്പത്തുള്ള ചില വിദഗ്ദന്മാർ. രാഷ്ട്രീയ തീരുമാനങ്ങളിൽ ഇടപെടുന്നത് തങ്ങളുടെ താത്പര്യങ്ങൾക്കു വിഘാതമായിത്തീർന്നാലോ എന്നു ഭയപ്പെട്ട് ആ ശാസ്ത്ര-സാങ്കേതിക ഉപദേശകർ മൗനം ദീക്ഷിക്കുന്നു. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തിൽ ഇത്രയും ലാഘവബുദ്ധി കാണിച്ച ഈ ശാസ്ത്ര-സാങ്കേതിക തലവന്മാരെ നാളത്തെ തലമുറ വെറുതെ വിടില്ല തീർച്ച.

സൈലന്റ് വാലിയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഒരു പശ്ചാത്തലപഠനമാവശ്യമാണ്. നിത്യഹരിത വനങ്ങളെപ്പറ്റി പൊതുവായും അവയുടെ സംരക്ഷണത്തിന്റെ ആവശ്യകതയേയും പറ്റി പ്രത്യേകിച്ചും, കുറച്ചൊരറിവ് നമുക്ക് കൂടിയേ തീരൂ.

ഭൂമിയിലെ ഏറ്റവും സമ്പന്നവും സങ്കീർണ്ണവുമായ ഒരു ജൈവ വ്യൂഹമാണ് നിത്യഹരിത വനങ്ങൾ അഥവാ മഴക്കാടുകൾ. ലക്ഷക്കണക്കിനു കൊല്ലം മുമ്പ്, ഹിമയുഗം ആവിർഭവിക്കും മുമ്പ്, ഭൂമിയിൽ ഒടുങ്ങാത്ത വേനലായിരുന്നു. അന്ന് ഭൂമിയിലെങ്ങും പച്ചയായ കാടുകളായിരുന്നു. ഇന്നത്തെ മിതശീതോഷ്ണമേഖലാ വൃക്ഷങ്ങളുടെ നിത്യഹരിത സൂചിയിലകളായിരുന്നില്ല ആ അതീതകാല വൃക്ഷങ്ങളുടെ ഇലകൾ. ആ മരങ്ങൾക്കു വളരെ വീതിയുള്ള ഇലകളും വിചിത്രങ്ങളായ പൂക്കളുമുണ്ടായിരുന്നു. അത്തരം വൃക്ഷങ്ങൾ നിറഞ്ഞ കാട്, ഭൂമധ്യരേഖയിലെ അതിന്റെ ഹൃദയഭൂമിയിൽനിന്ന്, വടക്കോട്ടും തെക്കോട്ടും വ്യാപിച്ചുകിടന്നു. അന്നത്തെ ആ വനം ഭൂമധ്യരേഖയിൽ മാത്രം ഇന്നും നിലനിൽക്കുന്നു. പക്ഷേ അതിന്റെ വ്യാപ്തി ഇന്നു വളരെ ചുരുങ്ങിപ്പോയിരിക്കുന്നു.

ഇന്ത്യയുടെ പശ്ചിമതീരത്തും കിഴക്കൻ ഹിമാലയത്തിലും മലയൻ ദ്വീപിലും ഇൻഡോനേഷ്യൻ ദ്വീപസമൂഹത്തിലും ശാന്തസമുദ്രത്തിലെ മെലനേഷ്യൻ - മൈക്രോനേഷ്യൻ - പോളിനേഷ്യൻ ദ്വീപുകളിലും കൂടി 25 ലക്ഷം ച.കി.മീ മഴക്കാടുകളാണ് ഇന്നുള്ളത്. മധ്യാഫ്രിക്കയിൽ മഴക്കാടുകൾ കോംഗോ നദീതടം മുതൽ ഗിനിയൻ ഉൾക്കടൽതീരംവരെ 18 ലക്ഷം ച.കി.മീ. സ്ഥലത്തു വ്യാപിച്ചിരിക്കുന്നു.

തെക്കെ അമേരിക്കയിലേയും ആഫ്രിക്കയിലേയും വനങ്ങൾ വരൾച്ചകൊണ്ട് ചുരുങ്ങുകയും പിന്നീട് മഴയുള്ള നൂറ്റാണ്ടുകളിൽ വീണ്ടും വികസിക്കുകയും ചെയ്തിട്ടുള്ളതായി പഴയ ചരിത്രം കാണിക്കുന്നു. എന്നാൽ ഇന്ത്യൻ-മലയൻ മഴക്കാടുകൾ കാലാവസ്ഥാമാറ്റങ്ങൾ ചെറുത്തുകൊണ്ട് കഴിഞ്ഞ അഞ്ചുകോടി കൊല്ലങ്ങളായി യാതൊരു മാറ്റവുമില്ലാതെ നിലനില്ക്കുകയാണ്. വ്യാപ്തിയിൽ ചുരുങ്ങിയെങ്കിലും.

## മഴക്കാടുകളുടെ പ്രസക്തി

മഴക്കാടുകളുടെ പ്രാധാന്യം നിർണയിക്കുന്നത് അവയിൽനിന്നുള്ള മുതലെടുപ്പു നോക്കിയാവരുത്. അടുത്തുള്ള താഴ്വാരങ്ങളുടേയും സമതലപ്രദേശങ്ങളുടെയും നിലനില്പ് മഴക്കാടുകളുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. കാലവർഷ കാർമേഘങ്ങൾ സഹ്യാദ്രിയുടെ മുകളിലെത്തിയാൽ പെട്ടെന്ന് തണുത്ത് മഴയായി താഴെ വീഴുന്നു. ഇങ്ങനെ അവ തണുക്കാൻ വേണ്ട ഈർപ്പവും താഴ്ന്ന താപനിലയും നിലനിർത്തുന്നത് മഴക്കാടുകളാണ്. ലക്ഷക്കണക്കിന് ച.കി.മീ വിസ്താരം വരുന്ന, തട്ടുകളായുള്ള, വൃക്ഷവിതാനത്തിലെ പത്രപ്രതലത്തിൽനിന്നു പുറപ്പെടുന്ന സ്വേദനജല

മാണീ ഈർപ്പത്തിന്റെ രഹസ്യം. സ്വന്തം നിലനിൽപ്പിന്ന് ഏറ്റവുമധികം വർഷപാതം വേണ്ട മഴക്കാടുകൾ ഏറ്റവും കൂടിയ മഴയ്ക്ക് കാരണമാകുന്നു. വന നശീകരണവും പുതിയ മാനേജുമെന്റും നമ്മുടെ നാട്ടിലെ വർഷപാത-ആവർത്തന രൂപത്തെ മാറ്റിയിരിക്കുന്നു. നിത്യഹരിത വനത്തിൽനിന്നുള്ള വാർഷിക വരുമാനം കൂട്ടാനുള്ള വ്യഗ്രതയിൽ വനംവകുപ്പുകാർ പുതിയ ഭൂമിയുടെ ഉപയോഗവും പുതിയ തടിവെട്ടൽ മാതൃകകളും കണ്ടെത്തി. പാട്ടാദായം വർദ്ധിപ്പിക്കാൻ റിസർവ്വവനങ്ങളിൽ ഏലക്കൃഷി അനുവദിച്ചു. ഏലകൃഷി മഴക്കാടിന്റെ സ്വഭാവം മാറ്റിമറിക്കും എന്നത് അറിയാത്ത വസ്തുതയല്ല. കൂടുതൽ തടി ഉല്പാദിപ്പിക്കാൻ മഴക്കാടുകളിൽ ഇലപൊഴിയുന്ന കാട്ടുമരങ്ങൾ നട്ടു. ഇതു ജലലഭ്യതയെ തകരാറിലാക്കുമെന്ന് അറിയാഞ്ഞിട്ടല്ല. എളുപ്പത്തിൽ വളരുന്ന മരങ്ങളെക്കൊണ്ട് കാടുകൾ വളർത്തിയെടുക്കാം. പക്ഷേ, അവിടെ മുമ്പുണ്ടായിരുന്ന നിത്യഹരിതവനം നല്കിയിരുന്നത്ര വർഷപാത സംരക്ഷണം ഈ പുതിയ കാടിന് നൽകാനാവില്ല. ഈ മർമ്മപ്രധാനമായ സംഗതി അവഗണിക്കപ്പെട്ടു. കാടു തെളിച്ച് കൃഷി ചെയ്യുന്നതുകൊണ്ടുണ്ടായ വർഷപാതക്കെടുതികളെപ്പറ്റി ധാരാളം വിവരങ്ങൾ ഇന്നുണ്ട്. വനനശീകരണത്തിന് കാലാവസ്ഥയുടെ മാറ്റത്തോട് ബന്ധമുണ്ടെന്നതിൽ രണ്ടഭിപ്രായമില്ല. ഉത്തരേന്ത്യയിലെ ഇന്നത്തെ മരുപ്രദേശങ്ങൾ രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പ് മരക്കാടുകളെക്കൊണ്ട് നിബിഡമായിരുന്നുവെന്ന് രൺധാവ (1945) സമർത്ഥിച്ചിട്ടുണ്ട്. വനനശീകരണംകൊണ്ട് വർഷപാതം കുറയുകയും വെള്ളപ്പൊക്കവും മണ്ണൊലിപ്പും സാർവ്വത്രികമാവുകയും ചെയ്യുന്നു. ഒടുവിൽ കഠിനവരൾച്ചകൊണ്ട് വനഭൂമി മരുഭൂമിയാവുന്നു. ഈ പ്രക്രിയ എത്രയും മന്ദഗതിയിലാകകൊണ്ട് നാം അതറിയുമ്പോഴേയ്ക്കും വളരെ വൈകിയിരിക്കും. ഒരിക്കൽ നശിച്ചാൽപിന്നെ മഴക്കാടുകൾക്ക് പുനർജീവനമില്ല. 1951-നും 1973-നും ഇടയ്ക്ക് മാത്രം ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടിട്ടുള്ളത് 34,000 ച.കി.മീ. കാടുകളാണ്. കൃഷിയും ജലസേചന-വൈദ്യുതി പദ്ധതികളും കടിയേറ്റവുമാണിതിന്നു കാരണം.

അന്തരീക്ഷാവസ്ഥയിലും കാലാവസ്ഥയിലും മാറ്റങ്ങളുണ്ടാവാൻ ഒരു കാട് മുഴുവനായും നശിക്കണമെന്നില്ല. മഴക്കാടു നശിപ്പിച്ച് അവിടെ യൂക്കാലിപ്റ്റസോ തേക്കോ വളർത്തിയാലും മതി. നിത്യഹരിത വനവൃക്ഷങ്ങളുടെ സസ്യസ്വേദനനിരക്ക് മറ്റു വൃക്ഷങ്ങളേക്കാൾ എത്രയോ അധികമാണ്. ഉദാഹരണത്തിനു യൂക്കാലിപ്റ്റസ്സിന്റെ സ്വേദനം 3.4 മി.ഗ്രാം./ച.സെ.മീ./മിനിട്ട് ആണെങ്കിൽ നിത്യഹരിതവനവൃക്ഷത്തിന്റേത് ശരാശരി 8.9 ആണ്. ആദ്യമഴയെത്തുടർന്ന് നിത്യഹരിത വനവൃക്ഷങ്ങൾ കൂടിയ തോതിൽ സ്വേദനമാരംഭിക്കുമ്പോൾ തേക്കിനോ യൂക്കാലിപ്റ്റസ്സിനോ മുഴുവൻ ഇലകളും ഉണ്ടായിക്കഴിഞ്ഞിട്ടേ ഇല്ലായിരിക്കും. അങ്ങനെ വന്യഭൂമിയിലെ താപനില കൂടുന്നു, ഈർപ്പം കുറയുന്നു, അതുവഴി മഴയും കുറയുന്നു. ശീതോഷ്ണ സ്ഥിതിയുമായി താദാത്മ്യം പ്രാപിച്ച് വളർച്ചയുടെ പരമകാഷ്ഠയിലെത്തിയ ഒരു ജൈവവ്യൂഹമാണ് മഴക്കാട്. മഴക്കാടുകൾ നശിപ്പിക്കുന്നതുകൊണ്ട് കാർഷികാവശ്യങ്ങൾക്കു ലഭിക്കേണ്ട ജലലഭ്യത സാരമായി കുറയുമെന്നു കൃഷ്ണമൂർത്തി (1960)[1] പറഞ്ഞത് ബലറാം[2] (1974) തെളിവുസഹിതം ശരിവെച്ചു. വനനശീകരണത്തിന്നു മുമ്പുള്ള കണക്കുകൾ വെച്ചുകൊണ്ട് നാം അണക്കെട്ടുകൾ പണിയുകയും, പണി കഴിയുമ്പോൾ ജലദൗർലഭ്യം അനുഭവപ്പെടുകയും പതിവാണ്. ഇടുക്കിയുടെ അനുഭവവും ഇതാണല്ലോ.

വർഷപാതം സംരക്ഷിക്കുന്നതിനുപുറമെ മണ്ണൊലിപ്പും വെള്ളപ്പൊക്കവും നിയന്ത്രിക്കുന്നതും കാടുകളാണ്. ഒരു ജൈവീയ കലവറയെന്ന നിലയിലും മഴക്കാടുകൾ പ്രാധാന്യമർഹിക്കുന്നു. ഭൂമുഖത്ത് ഒരേ സ്ഥാനത്ത് മൊത്തം അളവിലും വൈവിധ്യത്തിലും ഏറ്റവുമധികം ജീവവസ്തു നിലനിൽക്കുന്നത് മഴക്കാട്ടിലാണ്. ഒരു ഹെക്ടാറിൽ 25,000 സ്പീഷീസ് സസ്യങ്ങൾ മഴക്കാട്ടിൽ ഉള്ളതായി കണക്കുണ്ട്. ലോകത്ത് ആകെയുള്ള സസ്യങ്ങളിൽ പത്തു ശതമാനം സ്പീഷീസും ഇൻഡോ-മലയൻ മഴക്കാടുകളിലാണത്രെ. ഈ വനങ്ങളിലെ സസ്യജനസ്സുകളിൽ നാല്പത്തൊമ്പത് ശതമാനവും ലോകത്ത് മറ്റൊരിടത്തുമില്ലാത്തതാണ്.

സഹ്യാദ്രിയിൽ നിത്യഹരിത വനങ്ങൾ ഇന്ന് തെക്കെ അറ്റത്ത് കിഴക്കൻ ചെരിവുകളിൽ മാത്രമാണ് - തമിഴ്നാട്ടിൽ തിരുനൽവേലി ജില്ലയിലെ കലക്കാട്ടും കേരളത്തിൽ സൈലന്റ് വാലിയിലും. കുന്തിപ്പുഴയുടെ ഇരുവശത്തുമായി കേന്ദ്രീകരിച്ചു നില്ക്കുന്നു സൈലന്റ് വാലി വനങ്ങൾ. നീലഗിരി തെക്കുപടിഞ്ഞാറ് മണ്ണാർക്കാട് - തെങ്കര കുന്നുകളിലേയ്ക്ക് ചെരിഞ്ഞിറങ്ങുന്ന താഴ്വരകളിൽ നിന്നാണ് കുന്തിപ്പുഴയുടെ ഉദ്ഭവം. വടക്കുപടിഞ്ഞാറ് നിലമ്പൂർ താഴ്വരയും, തെക്കും തെക്കുപടിഞ്ഞാറും പാലക്കാടൻ സമതലങ്ങളും പാറക്കുന്നുകളും. കിഴക്ക് അട്ടപ്പാടി, നദീതടം വൃക്ഷനിബിഡമാണെങ്കിലും കുന്നിൻ ചെരിവുകൾ ചിലേടങ്ങളിൽ പുൽമേടുകളാണ്. അട്ടപ്പാടി ഭാഗത്ത് കിഴക്കായി ഇലപൊഴിയും കാടുകളാണ്. വടക്കോട്ട് നീലഗിരി ഭാഗത്തേയ്ക്കു വിസ്തൃതമായ പുൽമേടുകളാൽ പുതയ്ക്കപ്പെട്ട കുന്നിൻചെരിവുകളിൽ മുരടിച്ച ചെറുചോല വനങ്ങളുണ്ട്. സൈലന്റ്വാലിയുടെ വിസ്തീർണ്ണം 8952 ഹെക്ടർ വരും.

ഈ കാട്ടിലേയ്ക്കൊന്നിറങ്ങിയാലോ? പച്ചയടരുകൾ മേൽക്കുമേൽ വെച്ചുണ്ടാക്കിയതുപോലെ ഇടതൂർന്നു പരന്ന ഇലമേൽക്കട്ടി. വിടർത്തിയ കുട പോലെ ഈ സസ്യമേലാപ്പ് സൂര്യരശ്മിയെ തടുത്തു നിർത്തുന്നു. അരണ്ട വെളിച്ചം മാത്രമേ തറയിൽ ലഭിയ്ക്കുന്നുള്ളു. തറ തരിശാണ്. നേരേ നീണ്ടു വളർന്നിട്ടുള്ള വന്മരങ്ങളുടെ ഒറ്റത്തടികൾ ഇടതടവില്ലാതെ നിലംപതിച്ചുകൊണ്ടിരിക്കുന്ന ഇലകൾ ജീർണിച്ച് മൃദുലമായൊരു പരവതാനി വിതാനിച്ചിരിക്കുന്നു, തറയിൽ. അപൂർവ്വം ചിലേടത്ത്, മുകളിലെ മേൽക്കട്ടിയിലൂടെ എങ്ങനെയോ തുളച്ചുവരുന്നു പ്രകാശരശ്മികൾ വെള്ളപ്പൊട്ടുകൾ വരച്ചിരിക്കുന്നു. സാധാരണ ഈർപ്പമുള്ളിടത്ത് വളരാറുള്ള ഔഷധികൾപോലും ഭീമാകാരങ്ങളായി വളർന്നിരിക്കുന്നു. മരങ്ങൾക്കു ഉയരം ശരാശരി 40, 50 മീറ്റർ വരും. ഒരു മുപ്പതു മീറ്ററോളം ഒറ്റത്തടിയായുയർന്ന കാരാഞ്ഞലി അറ്റത്തുള്ള ശിഖരങ്ങളെ ഓറഞ്ചു നിറമുള്ള, വിരൽ വലിപ്പത്തിലുള്ള പൂക്കളെക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഭീമമായ അടിവട്ടമുള്ള തടിയിൽ കന്മതിൽ പോലെ ഊന്നുവേരുകളുള്ള രാക്ഷസ മരങ്ങൾ. മരത്തടിയിൽ ചുറ്റിപ്പിണഞ്ഞു വളരുന്ന ലയാനാവള്ളികൾ. എണ്ണമറ്റ ഓർക്കിഡ് ചെടികൾ തങ്ങിയ മരക്കൊമ്പുകൾ. മേല്പോട്ടു മേല്പോട്ടു മൂന്നോ നാലോ തട്ടുകളാണ് കാടു പൊതുവെ ഇവിടെ കണ്ടെത്തിയ ഇരുപത്തിമൂന്നു സസ്യജാതികൾ, മുമ്പൊക്കെ ഇന്ത്യയിൽ പലേടത്തും വളർന്നിരുന്നെങ്കിലും ഇപ്പോൾ ഈ കാടുകളിൽ മാത്രമേ ഉള്ളുവെന്ന് ബൊട്ടാനിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ തെക്കൻ മേഖലാ മേധാവി ഡോ: എൻ.സി. നായർ (1978) പറയുന്നു.

സൈലന്റുവാലിക്കാടുകളിൽ വന്യജീവികളെ കാണുക എളുപ്പമല്ല. ആനയും കാട്ടുപോത്തും അധികമവിടെ കാണാറില്ല. മ്ലാവ്, കാട്ടാട്, കൂരൻ, കാട്ടുപന്നി, മുയൽ മുതലായ സസ്തനങ്ങൾ കൂട്ടങ്ങളായല്ലാതെ ഇവിടെയുണ്ടാവാം. പക്ഷേ കാടിന്റെ അതിർത്തിയിലെ കുറ്റിക്കാടുകളാണ് ഇവയ്ക്ക് കൂടുതലിഷ്ടം. മെരുക്, കാട്ടുപൂച്ച, കാട്ടുപട്ടി, കടുവ, പുള്ളിപ്പുലി, കരിമ്പുലി എന്നീ മൃഗങ്ങളുണ്ടിവിടെ. കുന്തിപ്പുഴയിൽ രണ്ടുമൂന്ന് ഇനങ്ങളിൽപ്പെട്ട നീർനായകളുണ്ട്. സാധാരണ കീരിക്കു പുറമേ അപൂർവമായി മാത്രം കാണുന്ന ചെങ്കീരി, വരയൻകീരി, പൈൻമാർട്ടെൻ, പന്നിക്കരടി എന്നിവയും ഉണ്ട്. സൈലന്റ്വാലി വനങ്ങളിലെ ശിങ്കളക്കുരങ്ങ് പ്രസിദ്ധമാണല്ലോ. ലോകത്തിലാകെയുള്ള ശിങ്കളക്കുരങ്ങുകളിൽ നല്ലൊരു



ശതമാനം ഇവിടെയാണ്. ഇന്നു ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നതുകൊണ്ട് സംരക്ഷിതജീവികളെന്ന് ലോകത്തിലെങ്ങും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അഞ്ചു ജീവികൾ സൈലന്റ് വാലിയിലുണ്ട്. ആ നിലയ്ക്ക് സൈലന്റ് വാലി സംരക്ഷിക്കേണ്ടത് പാലക്കാട് ജില്ലക്കാരുടെയല്ല, കേരളത്തിന്റെയല്ല, ഭാരതത്തിന്റെയല്ല, ലോകത്തിന്റെ തന്നെ ചുമതലയാണെന്നു വാദിക്കുന്ന പ്രകൃതി സംരക്ഷണപ്രേമികളുണ്ട്.

## സൈലന്റ് വാലിയുടെ തനിമ

എന്താണ് സൈലന്റ് വാലിയുടെ തനിമ? സൈലന്റ് വാലിയിലെ സങ്കീർണ്ണവും സമൃദ്ധവുമായ സസ്യസമ്പത്ത് ഇനിയും വേണ്ടത്ര പഠിച്ചുകഴിഞ്ഞിട്ടില്ല. ജൈവപരിണാമത്തിന്റെ കളിത്തൊട്ടിലായി ഈ വനം നിലകൊള്ളുന്നു. മനുഷ്യന്റെ ഇടപെടലുകളില്ലാത്ത, ലക്ഷക്കണക്കിനു കൊല്ലങ്ങൾക്കു മുമ്പ് പ്രകൃതിയിൽ നടന്നിരുന്ന പരിണാമപ്രക്രിയകളെക്കുറിച്ച് പഠിക്കാനുപകരിക്കുന്ന വിരലിലെണ്ണാവുന്ന, ഏതാനും കാടുകളിൽ ഒന്നാണിത്. മനുഷ്യപരിണാമം നടന്നത് കാട്ടിലാണെന്നത് അവിതർക്കിതമാണല്ലോ. മരത്തിന്റെ മുകളിലെ ആവാസമുപേക്ഷിച്ച് ഭൂതലത്തിൽ നടക്കാനും ജീവിക്കാനും തുടങ്ങിയ വാനരന്മാരിൽ നിന്നാണ് മനുഷ്യനുണ്ടായതെന്നും സുസമ്മതമാണ്. ഈ വാനരന്മാരുടെ സാമൂഹ്യജീവിതം പരിണാമപ്രക്രിയയിൽ അതിപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ടെന്നും ശാസ്ത്രജ്ഞന്മാർക്കറിയാം. എന്നാൽ മരത്തിൻ മുകളിൽ വസിച്ചുകൊണ്ടിരുന്ന കാലത്ത് വാനരന്മാരുടെ സാമൂഹ്യജീവിതത്തെ, അതിലെ അംഗങ്ങളുടെ പെരുമാറ്റത്തെ കുറിച്ചുള്ള അറിവ് പരിമിതമാണ്. കാരണം, ഇന്ന് അത്തരത്തിലുള്ള ജീവികൾ, ഉന്നത വൃക്ഷശിഖരങ്ങളിൽ മാത്രം കഴിഞ്ഞുകൂടുന്ന ജീവികൾ, വളരെ വിരളമാകുന്നു. വാസ്തവത്തിൽ ഒരൊറ്റ ഇനമേ ഉള്ളൂ. അതാണ് ശിങ്കളക്കുരങ്ങ്. മനുഷ്യപരിണാമത്തെപ്പറ്റിയുള്ള പഠനത്തിൽ അതിപ്രധാനമായ ഒരു കണ്ണി ഇവയുടെ സാമൂഹ്യജീവിതത്തിന്റെ പഠനത്തിൽനിന്നേ ലഭിക്കുകയുള്ളൂ. ഭൂമിയിൽ ആകെയുള്ള ശിങ്കലക്കുരങ്ങുകളിൽ പകുതിയോളം പാർക്കുന്നത് സൈലന്റ് വാലിയാണ്!

സൈലന്റ് വാലിയിലെ ജൈവവ്യൂഹത്തിൽ പുതിയപുതിയ സസ്യത്തരങ്ങൾ അവിരാമമായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. അമൂല്യമായ ഒരു ജീൻ കലവറയാണത്. മെച്ചപ്പെട്ട സങ്കര സസ്യങ്ങൾക്കു രൂപം നല്കുന്നതിൽ ഇവയ്ക്കുള്ള പ്രധാന്യം ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി വരുന്നേയുള്ളൂ. ജീവശാസ്ത്രത്തിൽ മാത്രമല്ല, ഭൂമിയുടെ ഉപയോഗം, വികസന പ്രക്രിയകൾ, പ്ലാന്റേഷനുകൾ തുടങ്ങിയ പലതിലും പരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും താരതമ്യത്തിനായി മനുഷ്യസ്പർശമേൽക്കാത്ത ഒരു വനവിഭാഗം വേണം. സൈലന്റുവാലിയല്ലാതെ പശ്ചിമഘട്ടത്തിൽ മറ്റൊരു പ്രദേശവും ഇതിനായി ലഭ്യമല്ലതന്നെ.

## പദ്ധതിയുടെ ഗുണമെന്ത്?

സൈലന്റ് വാലിയിൽ ജലവൈദ്യുതപദ്ധതി വന്നാൽ എന്ത് സംഭവിക്കും? ജലവൈദ്യുത പദ്ധതി ഉണ്ടാക്കുന്ന ആഘാതങ്ങൾ പലതാണ്. പദ്ധതിക്കു മൊത്തം 1022 ഹെക്ടർ സ്ഥലം വേണം. അതിൽ 950 ഹെക്ടറും മഴക്കാടാണ്. പദ്ധതികൊണ്ട് മരങ്ങൾക്കുണ്ടാവുന്ന മൊത്തം നഷ്ടം ഇനിയും കണക്കാക്കിയിട്ടില്ല. മരങ്ങളുടെ തടിവില കണക്കാക്കിയാൽ പോര. ഈ മരങ്ങളെ ഒരു ബാങ്കുനിക്ഷേപമായി വേണം കണക്കാക്കാൻ. 770 ഹെക്ടർ സ്ഥലത്ത് ജലത്തിൽ മുങ്ങിപ്പോവുന്ന സസ്യജാലങ്ങൾ ഏറ്റവും പ്രധാനപ്പെട്ടവയാണ്. അവയെ അവിടെനിന്നു പറിച്ചെടുത്ത് വേറെ എവിടെയെങ്കിലും വളർത്തിയെടുക്കാമെന്ന നിർദ്ദേശം അപഹാസ്യമത്രേ.

വന്യജീവികൾക്കു നേരിടുന്ന പ്രശ്നങ്ങളുടെ ആഴം കാണിക്കാൻ ഒരൊറ്റ ഉദാഹരണം മതി; ശിങ്കളക്കുരങ്ങിന്റേത്. 1961-63-ൽ ലോകത്തിലാകെ ആയിരം ശിങ്കളക്കുരങ്ങുകളുണ്ടായിരുന്നു. 1975-ൽ ഇവയുടെ എണ്ണം അഞ്ഞൂറായി ചുരുങ്ങി. ഒരു സംഘം ശിങ്കളക്കുരങ്ങുകൾക്കു ജീവിക്കാൻ ചുരുങ്ങിയത് 5 ച.കി.മീ. നിത്യഹരിതവനം വേണം. ഏതാണ്ട് 130 ച.കി.മീ. തുടർച്ചയായ കാടുണ്ടായാലേ അവയുടെ വംശവർദ്ധന സാധിക്കാനാവുന്ന ഒരു സമൂഹത്തിന് നിലനിൽക്കാൻ പറ്റൂ. സൈലന്റ് വാലിയും തൊട്ടടുത്തുള്ള അട്ടപ്പാടി റിസർവ് ഫോറസ്റ്റും കൂടിയാലേ കഷ്ടിച്ച് ഇത്രയും കാടുണ്ടാവൂ. സൈലന്റ് വാലിയിൽ പഠനം നടത്തിയ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടുപ്രകാരം ഇപ്പോൾ സൈലന്റ് വാലിയിലുള്ള ശിങ്കളക്കുരങ്ങുകളിൽ ഭൂരിഭാഗവും കുന്തിപ്പുഴയുടെ/തീരങ്ങളിലാണ് ജീവിക്കുന്നത്. ആ ഭാഗം മുങ്ങിപ്പോയാൽ ഇവയുടെ വംശനാശം അതിവേഗത്തിലാവും. മറ്റു ഭാഗങ്ങളിലേയ്ക്കു മാറിത്താമസിച്ച് ഇവ വളരുമെന്നത് തെറ്റായ ധാരണയാണ്. ശിങ്കളക്കുരങ്ങ് നിത്യഹരിതവനത്തിലേ രക്ഷപ്പെടുകയുള്ളൂ. ഇക്കാര്യം കണക്കിലെടുത്തുകൊണ്ടാണ് ഈയിടെ ബാംഗ്ലൂരിൽ ചേർന്ന അന്താരാഷ്ട്ര നരവാനര പഠനസംഘടനയുടെ ഏഴാം സമ്മേളനം, സൈലന്റ് വാലി വനങ്ങൾ അപ്പാടെ സംരക്ഷിക്കേണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കിയത്.

## ഇതര പദ്ധതികളിലെ അനുഭവങ്ങൾ

പരിസ്ഥിതിവിദഗ്ദ്ധരുടെ ഭയം അടിസ്ഥാനരഹിതമാണെന്നു വാദിക്കുന്നവരുണ്ട്. തേക്കടി അണക്കെട്ട് ആ പ്രദേശത്തെ വനങ്ങളേയും വന്യജീവിസമ്പത്തിനേയും വർദ്ധിപ്പിച്ചിട്ടേയുള്ളൂവെന്നും പദ്ധതി നിർമ്മാതാക്കൾ അനാവശ്യമായി കാടു നശിപ്പിക്കില്ലെന്നും മറ്റുമുള്ള വാദങ്ങൾ കേൾക്കാറുണ്ട്. ഇവയിൽ സത്യമില്ല. കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ നിന്ന് ഏതാനും ഭാഗങ്ങൾ നോക്കുക. "അണകെട്ടിയതുകൊണ്ട് ഒരു പ്രദേശത്തെ വന്യജീവിസമ്പത്ത് വർദ്ധിച്ചതിന് ഉദാഹരണമാണ് തേക്കടി എന്നു പറയാറുണ്ട്. ഇന്നവിടെ ധാരാളം വന്യമൃഗങ്ങളുണ്ടെന്നതു ശരിതന്നെ. പക്ഷേ, മുമ്പുണ്ടായിരുന്നതിൽ കൂടു



തലാണ് അവ എന്നവകാശപ്പെടുന്നതു ശരിയല്ല. അണകെട്ടുന്നതിന്നു മുമ്പുണ്ടായിരുന്ന വന്യജീവിസമ്പത്തിനെക്കുറിച്ച് നമുക്ക് ഒരു വിവരവുമില്ല. ഒരു വേള മുമ്പ് ഇന്നുള്ളതിനേക്കാൾ കൂടുതലുണ്ടായിരുന്നിരിക്കാം.... (പേജ് - 9)... പദ്ധതിയിൽ പണിയെടുക്കാൻ വരുന്നവർ സ്വന്തം കന്നുകാലികളെ കൊണ്ടുവരുന്നു. അവ ചുറ്റും മേഞ്ഞ് വന്യജീവികളുമായി മത്സരിക്കുന്നു; മാത്രമല്ല വന്യമൃഗങ്ങൾക്കു രോഗങ്ങൾ പരത്തുകയും ചെയ്യുന്നു. തേക്കടി വന്യമൃഗസങ്കേതത്തിലെ ഒട്ടേറെ മാനുകളെ കൊന്നൊടുക്കിയ റിൻഡർപെസ്റ്റ് രോഗം ഇങ്ങനെയുണ്ടായതാണെന്നു കരുതപ്പെടുന്നു. കുടിയേറ്റക്കാരുടെ നായ്ക്കൾ ചുറ്റുമുള്ള ചെറുവന്യജീവികൾക്ക് ഭീഷണിയായിത്തീരുന്നു. കാടുകൾ വീടുനിർമ്മാണത്തിനും വിറകിനുമായി നശിപ്പിക്കപ്പെടുന്നു. നിയമവിരുദ്ധമായി കാടുവെട്ടിത്തെളിയിച്ച് കൃഷി നടത്തുന്നു. നിയമവിരുദ്ധമായി മൃഗങ്ങളെ വേട്ടയാടുന്നു.... (പേജ് 93) ഇടുക്കി പ്രദേശം അണക്കെട്ടു നിർമ്മാണത്തിനു മുമ്പ്, അതിസമൃദ്ധമായ കാടായിരുന്നു. അണനിർമ്മാണവും ജനങ്ങളുടെ കുടിയേറ്റവും അവിടെയുള്ള കന്നിക്കാടുകളുടെ ഭൂരിപക്ഷവും നശിപ്പിച്ചു. ഇത്തരത്തിൽ ഭീമമായ ഒരു "പരിസ്ഥിതി വിപത്ത്" ക്ഷണിച്ചു വരുത്തുന്നത് അഭിലഷണീയമല്ല. വനഭൂമികളിന്മേലുള്ള സമ്മർദ്ദം കാരണം റിസർവോയറുകളുടെ ആവാഹക്ഷേത്രങ്ങൾ മാത്രമേ പ്രകൃതിദത്തവനങ്ങൾക്ക് നിലനില്ക്കാനായി അവശേഷിക്കൂ എന്ന് ഒരു ധാരണയുണ്ടായിരുന്നു. പക്ഷേ അവയും നിലനിൽക്കില്ല എന്ന് ഇടുക്കി പ്രദേശത്തെ അനുഭവം തെളിയിച്ചു.

അങ്ങനെ മേൽപറഞ്ഞ എല്ലാ വസ്തുതകളുടേയും വെളിച്ചത്തിൽ സൈലന്റ്‌വാലിയെ വെറും സാധാരണ ഒരു തുണ്ടും വനഭൂമി മാത്രമായി കാണരുത്. അതിന്റെ നാശം ഈ സംസ്ഥാനത്ത് അവശേഷിക്കുന്നു. നിത്യഹരിതവനങ്ങളുടെ അന്ത്യത്തെ കുറിക്കും.... (പേജ് 100)."

ഇനി സൈലന്റ് വാലിയെപ്പറ്റിയുള്ള ഒരു സാങ്കേതിക-പാരിസ്ഥിതിക-സാമൂഹ്യ-രാഷ്ട്രീയ പഠന (1979) ത്തിൽനിന്ന് ചിലത് ഉദ്ധരിക്കട്ടെ.

"വൻപദ്ധതികൾ നമ്മെ കോൾമയിർക്കൊള്ളിക്കുന്നു, ആകർഷിക്കുന്നു. അവയുടെ വലിപ്പം, സാങ്കേതിക സൗന്ദര്യം, മനുഷ്യന്റെ ഭാവനാശക്തി, അവയിലടങ്ങിയിട്ടുള്ള കോടിക്കണക്കിനു രൂപ, തൊഴിലവസരങ്ങൾ, വാഗ്ദാനങ്ങൾ, നിർമ്മാണപ്രവർത്തനങ്ങളും അവ നൽകുന്ന സവിശേഷസാദ്ധ്യതകളും-ഇതെല്ലാം ഒട്ടേറെപ്പേരെ ആകർഷിക്കുന്നു. ദോഷവശങ്ങൾ കാണുകയോ മനസ്സിലാക്കുകയോ അത്ര എളുപ്പമല്ല. ദോഷങ്ങൾ ബാധിക്കുന്നത് ജനസാമാന്യത്തെയാണ്; മെച്ചങ്ങൾ കിട്ടുന്നത് കുറച്ചു പേർക്കും. മെച്ചങ്ങൾ നേടുന്നവർ സംഘടിതരായിരിക്കും. ദോഷങ്ങൾ അനുഭവിക്കേണ്ടി വരുന്നവർ അസംഘടിതരും. പ്രകൃതിയിലെ പ്രക്രിയകളുമായി ഇടപെടാനുള്ള മനുഷ്യന്റെ കഴിവ് ചെറുതായിരുന്നപ്പോൾ ഇത് സാരമില്ലായിരുന്നു. എന്നാൽ ഇന്ന് പ്രകൃതിയെ ശക്തമായുലയ്ക്കുവാൻ മനുഷ്യനു കഴിയും. അങ്ങനെ ചെയ്തതിന്റെ ഒട്ടേറെ ദുരന്തചരിത്രങ്ങൾ ഇന്നു നമുക്കറിയാം. അതു കാരണമാണ് അത്തരം പ്രവർത്തനങ്ങൾക്കെതിരായ ചെറുത്തുനിൽപ് കൂടിക്കൂടി വരുന്നതും. വടക്കൻ കാനഡയിലെ നഹാനി നദിക്ക് കുറുകെയുള്ള അണ; അരിസോണയിലെ കൊളറാഡോ നദിക്കു കുറുകെയുള്ള അണക്കെട്ടുകൾ; അലാസ്കയിലെ യൂകോം നദിക്കു കുറുകെയുള്ള അണ; തമിഴ്നാട്ടിലെ മോയാർ പദ്ധതി; ടെനാസ്സി നദിയിലെ ടെലിക്കോ അണ... മത്സ്യസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ഉപേക്ഷിക്കപ്പെട്ട വൻകിട പദ്ധതികളുടെ എണ്ണം കുറച്ചൊന്നുമല്ല. അണുശക്തിനിലയങ്ങൾക്കെതിരായി യൂറോപ്പിലും അമേരിക്കയിലും നടക്കുന്ന ജനകീയ സമരങ്ങളും ഈ വഴിക്കുള്ള നീക്കത്തെയാണ് കുറിക്കുന്നത്."

ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഒട്ടേറെ ശാസ്ത്രജ്ഞർ സൈലന്റ്‌വാലി പദ്ധതിയുടെ ആശാസ്യതയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചത്. "പ്രകൃതിയേയും പ്രകൃതിവിഭവങ്ങളേയും സംരക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര യൂണിയൻ" (ഐ.യു.സി.എൻ.). "ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സസ്യസമ്പത്പഠനം" എന്ന സിമ്പോസിയത്തിൽ പങ്കെടുത്ത ശാസ്ത്രജ്ഞന്മാർ, "ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി", 'കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്', 'അന്താരാഷ്ട്ര പ്രൈമറ്റോളജിക്കൽ സൊസൈറ്റി' എന്നിവയെല്ലാം ഈ പദ്ധതി ഉപേക്ഷിക്കണമെന്നും സൈലന്റുവാലിയെ ഒരു സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കേണമെന്നും ആവശ്യപ്പെട്ടു. സൈലന്റുവാലി സംരക്ഷിക്കാൻ കേരളീയർ സമരം ചെയ്യേണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി ആഹ്വാനം ചെയ്യുകപോലുമുണ്ടായി.

സൈലന്റുവാലി പദ്ധതി നടപ്പാക്കിയേ പറ്റൂ എന്നു കേരള സർക്കാരിനു നിർബ്ബന്ധമാണെങ്കിൽ, പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പ് അഞ്ചുവർഷം തുടർച്ചയായി ആ പ്രദേശത്ത് പാരിസ്ഥിതികമോണിറ്ററിങ്ങ് നടത്തേണമെന്നു പാരിസ്ഥിതിക-ആസൂത്രണത്തിനും ഏകോപനത്തിന്നുമുള്ള ദേശീയക്കമ്മിറ്റി നിർബ്ബന്ധിച്ചു. ഈ നിർബ്ബന്ധം അനുസരിക്കപ്പെട്ടിട്ടില്ല. കേരള സർക്കാരിന്റെ തന്നെ ഒരുത്തരവ് [5] പ്രകാരം, പത്തുലക്ഷം രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള എല്ലാ വികസന പദ്ധതികൾക്കും പണി തുടങ്ങാൻ അനുവാദം കിട്ടണമെങ്കിൽ പദ്ധതിയുടെ പരിസര സ്വാധീന പത്രിക ഉണ്ടാക്കിയിരിക്കേണമെന്നു നിർബന്ധമാണ്. ഇത്തരം ഒരു പത്രിക ഉണ്ടാക്കാൻ ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സംസ്ഥാന പാരിസ്ഥിതിക ആസൂത്രണ-ഏകോപന സമിതിയുടെ കൺവീനർ പ്രസ്താവിക്കുകയും ചെയ്തിരുന്നു. പക്ഷേ, ആ നിർദ്ദേശവും കാറ്റിൽപ്പറത്തുകയാണുണ്ടായത്.

പരിസ്ഥിതി ശാസ്ത്രജ്ഞന്മാരുടെ ഭയാശങ്കകൾ കണക്കിലെടുത്തുകൊണ്ട് സൈലന്റുവാലിയുടെ പരിപൂർണ്ണ സംരക്ഷണത്തിനായുള്ള നിയമനിർമ്മാണം കേരള സർക്കാർ നടത്തിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി പദ്ധതിയെ എതിർക്കുന്നതെന്തിനെന്ന

സംസാരം പ്രചരിച്ചുവരുന്നുണ്ട്. സൈലന്റ് വാലി ഒരു ജൈവവ്യൂഹമാണെന്ന "സമഗ്ര ഇക്കോ സിസ്റ്റം വീക്ഷണ'ത്തിൽ, സൈലന്റുവാലിയുടെ തനിമ നിലനിർത്താൻ അതപ്പടി സംരക്ഷിച്ചേ മതിയാവൂ. പ്രകൃതി സംരക്ഷണമെന്നാൽ അതോ ഇതോ സംരക്ഷിക്കുകയല്ല; ജൈവവ്യൂഹം മുഴുവനായും സംരക്ഷിക്കുകയാണ്. സൈലന്റ് വാലിയിലെ ജൈവവ്യൂഹത്തിന്റെ നിലനില്പ് ലക്ഷോപലക്ഷം സംവത്സരങ്ങളായി അതിലെ ജീവജാലങ്ങൾ തമ്മിൽത്തമ്മിലും, ചുറ്റുപാടുമായും ഒത്തിണങ്ങി സങ്കീർണമായൊരു സന്തുലനാവസ്ഥയെ പ്രാപിച്ച് പരമകോടിയണിഞ്ഞതാണ്. അതിന്റെ ഒരംശം കേടായാൽ മതി, ആ വ്യൂഹം മുഴുവനും കേടാവും. എന്തൊക്കെ നിയമങ്ങൾ കൊണ്ടുവന്നാലും ശരി (നിയമങ്ങൾ ഇന്നില്ലാഞ്ഞിട്ടല്ലല്ലോ കാടുകൾ സർവ്വനാശത്തെ അഭിമുഖീകരിക്കുന്നത്!) കാതലായ ഭാഗം വെള്ളത്തിൽ മുങ്ങിപ്പോയാൽ മഴക്കാടെന്ന ജൈവവ്യൂഹം തകരാനാരംഭിക്കും. ബാക്കിയുള്ളതു സംരക്ഷിക്കാനേ നിയമങ്ങൾ കർക്കശമായി നടപ്പാക്കിയാൽപ്പോലും ഉതകൂ. ശേഷിക്കുന്ന കാടു സംരക്ഷിക്കാം. പക്ഷേ, "ശേഷിക്കുന്ന സന്തുലനാവസ്ഥ" എന്നൊന്നില്ല! ഇവിടെയാണ് ദേശീയ സമിതിക്കും സംസ്ഥാന സമിതിക്കും തെറ്റു പറ്റിയത്. ഏറ്റവും അമൂല്യമെന്നും എന്തു വിലകൊടുത്തും സംരക്ഷിക്കപ്പെടേണ്ടതെന്നുമൊക്കെ വിശേഷിപ്പിക്കപ്പെട്ട ഒരു ജൈവവ്യൂഹത്തെ, അതിന്റെ ഏറ്റവും സങ്കീർണ്ണവും സമ്പന്നവുമായ ഭാഗം മുക്കിക്കളയാൻ അനുവദിച്ചിട്ട്, ബാക്കി ഭാഗങ്ങൾ സംരക്ഷിക്കാൻ ഉപാധികൾ നിർദ്ദേശിച്ചത്, തലച്ചോറിലേയ്ക്ക് രക്തപ്രവാഹം നിലച്ച് മരണമടഞ്ഞ ശരീരത്തെ ഹൃദയമിടിപ്പ് വീണ്ടെടുത്ത് കൃത്രിമമായി വായുവും ഭക്ഷണവും നല്കി നിലനിർത്താൻ ഒരുമ്പെടുമ്പോലെയല്ലേ? തലച്ചോറു പ്രവർത്തിക്കാതേയും മനുഷ്യശരീരങ്ങൾ നീണ്ടകാലത്തേയ്ക്കു ജീവിപ്പിച്ച അനുഭവങ്ങൾ എത്ര വേണമെങ്കിലുമുണ്ടല്ലൊ. സുപ്രസിദ്ധ പാരിസ്ഥിതിക ശാസ്ത്രജ്ഞനായ ലിയോ പോൾഡ് പറഞ്ഞതാണോർമ്മവരുന്നത്. "ബുദ്ധിമാനായ മനുഷ്യൻ തന്റെ റിസ്റ്റ്‌വാച്ചോ, മോട്ടോർ കാറോ കൈകാര്യം ചെയ്യാൻ വിവരമില്ലാത്ത ഒരാളേയും ഏല്പിക്കാറില്ല. പക്ഷേ, തന്റെ ചുറ്റുപാടുകളെ കൈകാര്യം ചെയ്യാൻ പരിസ്ഥിതി വിജ്ഞാനത്തിൽ തീരെ നിരക്ഷരരായവരെ സർവ്വ സ്വാതന്ത്ര്യവും കൊടുത്തു നിയോഗിക്കുന്നു." നമ്മുടെ ഭരണഘടനയിൽ ചെറിയൊരു മാറ്റം വരുത്തുമ്പോൾ എത്ര ശ്രദ്ധയോടും ജാഗ്രതയോടുമാണ് നാം ആ പ്രശ്നത്തെ സമീപിക്കുന്നത്. എന്നാൽ ജൈവ മണ്ഡലത്തിന്റെ പ്രകൃതി നിയമങ്ങൾക്ക് മാറ്റം വരുത്തുന്നത് എത്ര ലാഘവബുദ്ധിയോടെയാണ്. അവിടെ ഏറ്റവും സമുന്നത ശാസ്ത്രജ്ഞൻപോലും വിട്ടുവീഴ്ചകൾക്കും സമ്മർദ്ദങ്ങൾക്കും കീഴ്പ്പെടുന്നു.

**സൈലന്റ് വാലിയും മലബാറിന്റെ മോക്ഷവും**

വ്യാപകമായ തോതിൽ ഉയർത്തപ്പെട്ടിട്ടുള്ള ഭയാശങ്കകളെ തികച്ചും അവഗണിച്ചുകൊണ്ട് അസാധാരണ വേഗതയോടെ പണി തുടങ്ങാൻ വെമ്പുന്ന ഈ പദ്ധതികൊണ്ട് യഥാർത്ഥ പ്രയോജനം എന്തുമാത്രമുണ്ട്? ആ ലക്ഷ്യങ്ങൾ നേടാൻ മറ്റു വല്ല മാർഗങ്ങളുമുണ്ടോ?

മലബാറിന്റെ മോക്ഷത്തിനാണ് സൈലന്റുവാലി പദ്ധതിയൊന്നാണല്ലോ പ്രചാരണം. അമ്പത്തിരണ്ടുകോടി യൂണിറ്റ് വൈദ്യുതിയും 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് ജലസേചനവും നല്കാൻ പോന്ന ഈ പദ്ധതി 1985-86-ൽ പൂർത്തിയാവുമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ 1987-88 നു മുമ്പ് പദ്ധതി പൂർത്തിയാവില്ലെന്നാണ് അറിവുള്ളവർ പറയുന്നത്. അപ്പോൾ വരുന്ന എട്ടൊമ്പതു കൊല്ലക്കാലത്തേയ്ക്കു സൈലന്റുവാലിയിൽ നിന്ന് മലബാറിന് ഒന്നും കിട്ടില്ല. ഇന്ന് കേരളത്തിന്റെ പകുതിയോളം വരുന്ന മലബാറിലെ വൈദ്യുതി ഉപയോഗം തെക്കൻ കേരളത്തിന്റെ നാലിലൊന്നാണ്. വൈദ്യുതിയുടെ മൊത്തം ഉത്പാദനത്തിന്റെ പകുതി മാത്രമേ കേരളത്തിൽ ഉപയോഗിക്കുന്നുള്ളൂ. ഇരുപത് ശതമാനം നഷ്ടപ്പെടുന്നു. ബാക്കി വില്ക്കുന്നു. സൈലന്റ് വാലി പദ്ധതി നടപ്പിലായാൽകൂടി മലബാറിന്റെ പിന്നോക്കാവസ്ഥ നിലനിൽക്കുന്ന വിധത്തിലാണ് ഇന്നത്തെ ആസൂത്രണം.

മലബാർ പ്രദേശം വൈദ്യുതിക്കുവേണ്ടി ദാഹിക്കുകയാണ്. ആ ദാഹംഉടനേ തീർക്കണം. സൈലന്റുവാലി പദ്ധതിയുടെ പണി തീരുംവരെ കാത്തിരിക്കാൻ നിവൃത്തിയില്ല. അതു തീരാൻ പത്തു കൊല്ലമെങ്കിലുമെടുക്കുമെന്നു സൂചിപ്പിച്ചല്ലോ. കർണ്ണാടകത്തിലേയ്ക്കു നീട്ടുന്ന 220 കെ.വി. ലൈൻവഴി തെക്കെ മലബാറിൽ കറന്റ് കൊടുത്തും വടക്കൻ ഭാഗത്ത് കർണ്ണാടകത്തിൽ നിന്നു കറന്റെടുത്തും ഉടൻതന്നെ വേണ്ടത്ര വൈദ്യുതി ലഭ്യമാക്കണം. ഇതു നടപ്പിലാക്കാൻ ഒരു കൊല്ലം മതി. ആവശ്യമായ 11 കെ.വി., 440 വി. വിതരണലൈനുകൾ നിർമ്മിക്കണം. അതിനാവശ്യമായ ഫണ്ട് നീക്കിവെയ്ക്കണം. ഇങ്ങനെ, രണ്ടു കൊല്ലത്തിന്നുള്ളിൽ സൈലന്റ് വാലിയിൽനിന്നു കിട്ടാവുന്നതിനേക്കാൾ എത്രയോ കൂടുതൽ ഊർജ്ജം മലബാർ പ്രദേശത്തിന്നു ലഭ്യമാക്കാം. സമീപകാലാവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള മാർഗമാണിത്.

മലബാറിന്റെ പിന്നോക്കാവസ്ഥ നീങ്ങുകയാണെങ്കിൽ 1988-89 ആകുമ്പോൾ അവിടെ 260 കോടി യൂണിറ്റ് ഊർജ്ജം ആവശ്യമായിവരും. നിലവിലുള്ള കുറ്റ്യാടിയും സൈലന്റ് വാലി പദ്ധതിയും കൂടിച്ചേർന്നാൽ നൂറു കോടി യൂണിറ്റു മാത്രമാണ് കിട്ടുക. അങ്ങനെ, 1988-89 ആകുമ്പോഴേയ്ക്കുതന്നെ മലബാറിന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ മറ്റു ഊർജ ഉറവിടങ്ങൾ കാണേണ്ടിയിരിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് ആറാം പദ്ധതിക്കാലത്ത് ഇവിടെയൊരു തെർമൽ സ്റ്റേഷൻ പണിയേണമെന്ന് ഊർജത്തിനായുള്ള സ്റ്റിയറിങ്ങ് കമ്മിറ്റി പറഞ്ഞത്. ദക്ഷിണേന്ത്യാഗ്രിഡിന്റെ മൊത്തം വൈദ്യുതി ആവശ്യം എ.ഡി. രണ്ടായിരാമാണ്ടിൽ 8000-9000 കോടി യൂണിറ്റായിരിക്കും. അതിൽ 4000 കോടി യൂണിറ്റു മാത്രമായിരിക്കും. ജലവൈദ്യുതി. ബാക്കി താപവൈദ്യുതിയായിരിക്കും. കേരളത്തിന്റെ ജലവൈദ്യുതിയുടെ പങ്ക് 1000 കോടി യൂണിറ്റായിരിക്കുമെങ്കിൽ, ബാക്കിയോ?

അങ്ങനെ മലബാറിന്റെ താത്കാലികാവശ്യങ്ങൾക്കും ദീർഘകാലാവശ്യങ്ങൾക്കും സൈലന്റുവാലി ഉപകരിക്കില്ലെന്നു തീർച്ച.

ഇനി ജലസേചന സൗകര്യങ്ങൾ, സൈലന്റുവാലികൊണ്ട് 10,000 ഹെക്ടർ നിലത്തിന് ജലസേചന സൗകര്യം ലഭിക്കുമെന്നാണല്ലോ കരുതപ്പെടുന്നത്. നമ്മുടെ ഇന്നുള്ള ജലസേചന പദ്ധതികളുടെ നേട്ടങ്ങളെപ്പറ്റി ഓർക്കുമ്പോൾ ഈ സാദ്ധ്യത ഒരു മരീചികയാവാനാണ് വഴി. ഈ പ്രദേശത്ത് ഏറ്റവും വിജയകരമാവുക ലിഫ്റ്റ് ഇറിഗേഷനാണ്. ലിഫ്റ്റ് ഇറിഗേഷനു വെറും മൂന്നു കോടി യൂണിറ്റ് വൈദ്യുതി നല്കിയാൽ അഞ്ചാറു കോടി രൂപയുടെ മൂലധനം കൊണ്ട് 30,000 ഹെക്ടറിൽ ജലസേചനം നടപ്പാക്കാം. ഇതു നടപ്പിലാക്കാൻ രണ്ടുമൂന്നു കൊല്ലം മതി. ഇതിൻഫലമായി കാർഷിക മേഖലയിൽ 5000-6000 പേർക്ക് വർഷം മുഴുവൻ തൊഴിൽ ലഭിക്കുകയും ചെയ്യും.

ഇതിൽനിന്നെല്ലാം തെളിയുന്നത് സൈലന്റുവാലി പദ്ധതി ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നല്ല എന്നും സമീപഭാവിയിൽ അതുകൊണ്ട് പ്രയോജനമൊന്നും ഉണ്ടാകില്ല എന്നുമാണ്. എങ്കിൽപ്പിന്നെ നമുക്ക് ഈ താഴ്വരയെ വെറുതെ വിട്ടുകൂടേ?

റോമുലസ് വിഥേക്കറുടെ രണ്ടു വാചകങ്ങൾ കടമെടുത്തുകൊണ്ടിത് അവസാനിപ്പിക്കാം: "സൈലന്റുവാലി പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഐതിഹാസികമായൊരു താഴ്വര നഷ്ടമാകുന്നു എന്ന ദോഷം മാത്രമല്ല. നമ്മുടെ സാങ്കേതിക വിദഗ്ദ്ധർ പ്രകൃതിദത്തമായ പരിസ്ഥിതിനിലനില്പിനെ എങ്ങനെ ദാരുണമായി കശാപ്പുചെയ്യുന്നു എന്നതിന്റെ നാടകീയമായ ആവിഷ്കാരംകൂടിയാണത്. അതിനെതിരായുള്ള വാദം സാങ്കേതിക വിദഗ്ദ്ധന്മാരോട് പ്രകൃതിസ്നേഹികളുടെ ആദർശവാദ പ്രചോദിതമായ കലഹമല്ല, മറിച്ച് വെറും 25-50 കൊല്ലക്കാലത്തെ ഊർജ്ജലഭ്യതയ്ക്കുവേണ്ടി, തനിമയേറിയ, പരമവും സ്ഥായിയായതുമായ, ഒരു പ്രാകൃതികജീൻകലവറയെ ബലി കഴിക്കുന്നതിനോടുള്ള ന്യായമായ പ്രതിഷേധമാണ്. ഈ സംഗതി മറക്കരുത്."

*(1979 ജൂൺ 3-9, മാതൃഭൂമി)*